<u>പത്രക്കുറിപ്പ്</u>

പാവപ്പെട്ടവരുടെ ലോണിലുള്ള ഭൂമി , ലോൺ ക്ലോസ് ചെയ്യിപ്പിച്ച് മറ്റൊരാളുടെ പേരിലേക്ക് രജിസ്റ്റർ ചെയ്ത് വലിയ തുകയ്ക്ക് വീണ്ടും ലോൺ എടുത്ത ശേഷം തിരികെ അടയ്ക്കാതെ തട്ടിപ്പ് നടത്തിവന്നിരുന്ന പൊന്നുരുന്നി ആനാംപറമ്പിൽ ബാബുരാജിനെയാണ് അറസ്റ്റ് ചെയ്തത്. വരാപ്പുഴ പോലീസ് രജിസ്റ്റർ ചെയ്ത കേസിലേക്കാണ് അറസ്റ്റ് ചെയ്തത്. പ്രതിക്ക് വരാപ്പുഴ പോലീസ് സ്റ്റേഷനിലെ കേസിനെ കൂടാതെ പറവൂർ ഞാറക്കൽ ,മുളവുകാട് ,എറണാകുളം നോർത്ത് എന്നീ പോലീസ് സ്റ്റേഷനുകളിലും കേസുകൾ നിലവിലുണ്ട്. നോർത്ത് പറവൂർ പോലീസ് ഇൻസ്പെക്ടർ G S ക്രിസ്പിൻ സാം ആണ് വരാപ്പുഴയിലെ കേസിലേക്ക് അറസ്റ്റ് ചെയ്തിട്ടുള്ളത്. പ്രതിയെ കോടതിയിൽ നോർത്ത് പറവൂർ JFCM III ഹാജരാക്കി